# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2814 19.02.2016 - ൽ മറുപടിക്ക്

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | (എ) എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തി ടി സ്ഥലത്തുള്ള മണ്ണിന്റെ വിദഗ്ധ പരിശോധനയ്ക്കുശേഷം DRIQ Board - ൽ നിന്നുള്ള ഡിസൈൻ അനുസരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;<br>(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;<br>(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ ? | (ബി), (സി) & (ഡി) അപ്രോച്ച് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈനു വേണ്ടി DRIQ Board - ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ക്ലിയറൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡിസൈനും CZRA - യുടെ ക്ലിയറൻസും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ